ICPS4(B)/017857/16

ഐ.സി.പി.എസ്
സാമൂഹ്യ നീതി വകുപ്പ്
പൂജപ്പുര
തിരുവനന്തപുരം
തീയതി: 06/09/2016

## സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ്-ICPS- ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് ജീവനക്കാർക്ക് 2015-16 പ്രത്യേക ഉത്സവബത്ത അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:- സർക്കാർ ഉത്തരവ് (അച്ചടി) നം.337/15/ധനം തീയതി:01/09/2016

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മേൽ സൂചന പ്രകാരം 2015-16 ലെ പ്രത്യേക ഉത്സവബത്ത അനുവദിച്ച് സർക്കാർ ഉത്തരവായിരിക്കുന്നു. ആയതിനാൽ സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് മേൽ സൂചന ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ഉത്സവബത്തയ്ക്ക് അർഹതയുള്ളതാണ്. ടി സാഹചര്യത്തിൽ മേൽ സൂചന ഉത്തരവിന് വിധേയമായി **DCPO Salary, DCPU Contract Staff Salary** എന്നീ കമ്പോണന്റ്കളിലേക്ക് SCPS-ൽ നിന്നും അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് ജീവനക്കാർക്ക് പ്രത്യേക ഉത്സവബത്ത പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്. ആയത് സംബന്ധിച്ച വിശദമായ എക്സ്പെൻഡിചർ സ്റ്റേറ്റ്മെന്റ് ജില്ലാ ശിശു സംരക്ഷണ ഓഫീസർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

പകർപ്പ്:

1.ICPS 4

2.സ്റ്റോക്ക് ഫയൽ